# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2260**

**2020 ഫെബ്രുവരി 12-ന് മറുപടി നൽകേണ്ടത്**

ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

| | ചോദ്യം<br>ശ്രീ.സി.എഫ്. തോമസ്<br>ശ്രീ.പി.ജെ. ജോസഫ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതു കാലയളവ് മുതലുള്ള ബില്ലുകൾക്കാണ് ബി.ഡി.എസ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | പൊതുമരാമത്ത്, ജലസേചനം മുതലായ വകുപ്പുകളിൽ നടപ്പിലാക്കിയിരുന്ന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.2019 ഒക്ടോബർ മുതലുള്ള ബില്ലുകൾക്കു ബി.ഡി.എസ് ഏർപ്പെടുത്താനാണ് ഇപ്പോൾ ഉത്തരവായിട്ടുള്ളത് |
| (ബി) | ബി.ഡി.എസ് എന്നുമുതലാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്; കേരളത്തിലെ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കും ആയത് ബാധകമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അതത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം 15/01/2020-ലെ സ.ഉ.(പി)നം.7/2020/ധന ഉത്തരവ് പ്രകാരം എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കും ബാധകമാക്കിയിട്ടുണ്ട്. 24/01/2020- ലെ സ.ഉ.(പി)നം.10/2020/ധന ഉത്തരവ് പ്രകാരം ബി.ഡി.എസ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ബി.ഡി.എസ് നടപ്പാക്കുന്നതിലൂടെ കരാറുകാർക്ക് ഉണ്ടാകുന്ന നേട്ടം അറിയിക്കാമോ; ബിൽ ഡിസ്കൗണ്ട് ചെയ്യുന്നതിന് എത്ര ശതമാനം പലിശയാണ് നിശ്ചയിച്ചിരിക്കുന്നത്; | കരാറുകാർക്ക് അവരുടെ ബില്ലിന്മേലുള്ള തുക ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉടനടി ലഭ്യമാക്കാൻ സാധിക്കും എന്നതാണ് ബി.ഡി.എസ് നടപ്പിലാക്കുന്നതിന്റെ നേട്ടം. ഇതിന്റെ പലിശ നിശ്ചയിക്കുന്നത് അതാത് ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളാണ്. |

| | | |
|---|---|---|
| (ഡി) | ഈ പലിശയുടെ ബാധ്യത ആർക്കാണ്; കരാറുകാർക്ക് പലിശയുടെ അധിക ബാധ്യത ഉണ്ടാക്കാതെ നടപടി സ്വീകരിക്കുമോ; പലിശ സർക്കാർ തന്നെ വഹിക്കാൻ നടപടി സ്വീകരിക്കുമോ; | പലിശയുടെ പകുതി (പരമാവധി 5% വരെ) സർക്കാർ വഹിക്കുന്നതാണ്. ബാക്കി കരാറുകാർ വഹിക്കേണ്ടതാണ്. |
| (ഇ) | എത്ര ലക്ഷം രൂപവരെയുള്ള ബില്ലുകളാണ് ബി.ഡി.എസ്-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്; അറിയിക്കാമോ? | കരാറുകാർ ആവശ്യപ്പെടുന്ന മുറയ്ക്ക് 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ ബില്ലുകളും ബി.ഡി.എസ്- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**